# യൂണിറ്റ് 3      4 marks

## മാനവവിഭവശേഷി വികസനം ഇന്ത്യയിൽ

1.മാനവവിഭവശേഷി വികസനം എന്നാൽ എന്ത് ?

*വിദ്യാഭ്യാസം, ആരോഗ്യപരിപാലനം ,പരിശീലനം എന്നിവയിലൂടെ മനുഷ്യന്റെ കായികവും മാനസികവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനെ മാനവവിഭവശേഷി വികസനം എന്ന് പറയുന്നു

2.മാനവവിഭവശേഷി വികസനത്തിന്റെ വിവിധ തലങ്ങൾ ?

*സ്വ പരിശ്രമം ,കുടുംബം, സ്ഥാപനങ്ങൾ ,ഏജൻസികൾ രാഷ്ട്രം

3.മാനവവിഭവത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

*ഗണപരം- ജനസംഖ്യാവലുപ്പം, ജനസാന്ദ്രത ,ജനസംഖ്യാവളർച്ച, ജനസംഖ്യാഘടന

* ഗുണപരം -വിദ്യാഭ്യാസം ,ആരോഗ്യപരിപാലനം

4.ഒരു രാജ്യത്തെ ജനസംഖ്യയിൽ മാറ്റം വരുത്തുന്ന ഘടകങ്ങൾ എന്തെല്ലാം?

*ജനനനിരക്ക്, മരണനിരക്ക് ,കുടിയേറ്റം

5.ജനസംഖ്യാപഠനത്തിന്റെ ആവശ്യകത എന്ത്?

*മാനവവിഭവശേഷിയുടെ ലഭ്യത അറിയാൻ

*അടിസ്ഥാന സൗകര്യങ്ങൾ കണക്കാക്കാൻ

*സാധനങ്ങളുടെയും സേവനങ്ങളുടെയും അളവ് തിട്ടപ്പെടുത്താൻ

*വികസന നയങ്ങൾ രൂപീകരിക്കാൻ

6.വിദ്യാഭ്യാസം രാജ്യത്തെ വികസനത്തെ സഹായിക്കുന്നതെങ്ങനെ ?

*വിദ്യാഭ്യാസം → സാങ്കേതിക അറിവ് → തൊഴിൽ → വരുമാനം → ജീവിതനിലവാരം

7. വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ?

*കൊഴിഞ്ഞുപോക്ക് *അടിസ്ഥാന സൗകര്യം കുറവ് *ഗുണനിലവാരം കുറവ്

*ഹാജർ കുറവ്

8.ആരോഗ്യ പരിപാലനത്തിന് ഒരുക്കേണ്ട സൗകര്യങ്ങൾ ?

*പോഷകാഹാരം *ശുദ്ധജലം *ശുചിത്വം *ചികിത്സ *വിശ്രമം

*വിനോദം *രോഗപ്രതിരോധസംവിധാനം

RAJESH.K,GHS VELLINEZHI,SURESH.K GHS THENKARA,SUJITHA.K.G,GHS CHERPULASSERY